


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038 KERALA - PHONE : 8234

വാല്യം 5 | 1988 ആഗസ്റ്റ് 12 | ലക്കം 25


# ഓർത്തഡോക്സ് സഭയ്ക്കു് കർണ്ണാടകസ്റ്റേററിൽ എൻജിനീയറിംഗ് കോളജ്

(പ്രത്യേക ലേഖകൻ)

കോട്ടയം: മലങ്കരഓർത്തഡോക്സ് സഭയ്ക്കു് കർണ്ണാടകസംസ്ഥാനത്തു് എൻജിനീയറിംഗ് കോളജ് തുടങ്ങുന്നതിനു് അനുവാദം ലഭിച്ചു. കർണ്ണാടകയിൽ കൊടക് ജില്ലയിൽ മെർക്കാറാ എന്ന സ്ഥലത്തു് 50 ഏക്കർ സ്ഥലം കോളജിനുവേണ്ടിസഭ വാങ്ങിച്ചിട്ടുണ്ടു്.

കഴിഞ്ഞ ഒക്ടോബർമാസത്തിൽ മാംഗ്ളൂർ സർവ്വകലാശാലയിൽ ഓർത്തഡോക്സ് സഭ സമർപ്പിച്ച അപേക്ഷ 1988 ജനവരി ആറാംതീയതി സർവ്വകലാശാലാകമ്മീഷൻെറ പരിശോധനയ്ക്കു് ശേഷം ഏപ്രിൽ 5–ാം തീയതി അക്കാദമിക്ക് കൗൺസിലും ഏപ്രിൽ 15–ാം തീയതി സർവ്വകലാശാലാ സിൻഡിക്കേററ് അംഗീകരിക്കുകയും 1988 ആഗസ്റ്റ് 4 ാം തീയതി കർണ്ണാടകസംസ്ഥാന മന്ത്രിസഭ മലങ്കരഓർത്തഡോക്സ് സഭ വകയായുള്ള കാതോലിക്കേററ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻറ് ടെക്നോളജിക്ക് അനുമതി നല്കുകയും ചെയ്തു. ഒരു ക്രൈസ്തവസഭാവിഭാഗത്തിനു് എഞ്ചിനീയറിംഗ് കോളജ് അനുവദിക്കുന്നതു് ഇൻഡ്യയിൽ ഇതു് ആദ്യമാണ്.

1988 സെപ്റ്റംബറിൽ ക്ലാസുകൾ ആരംഭിക്കുന്ന കാതോലിക്കേററ് എഞ്ചിനീയറിംഗ് കോളജിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രമെൻേറഷൻ, ഇലക്ട്രോണിക്സ്; കംപ്യൂട്ടർ; എന്നീ കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതു്.

കാലം ചെയ്ത പ. ഔഗേൻപ്രഥമൻ കാതോലിക്കാബാവാ തിരുമനസിലെ സഹോദരപുത്രനും, തൃശ്ശൂർ എഞ്ചിനീയറിംഗ് കോളജ് മുൻപ്രിൻസിപ്പലും മുൻകേരള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറും, മുൻകൊച്ചിൻ സർവ്വകലാശാലാ പ്രൊ. വൈസ്ചാൻസലറും ആയിരുന്ന ഡോ. സി. വി. കുര്യാക്കോസ് എം. എസ്സ്സി, പി എച്ച് ഡി. ആണ് പ്രഥമ പ്രിൻസിപ്പൽ.

പരിചയസമ്പന്നരും പ്രഗത്ഭരുമായ ഒരു സംഘം അദ്ധ്യാപകരെ ഇതിനോടകം നിയമിച്ചിട്ടുണ്ടു്.

പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസുകൊണ്ടു് അദ്ധ്യക്ഷനും, മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താമാനേജിംഗ്ട്രസ്റ്റിയും, സഭയുടെ വൈദികട്രസ്റ്റി, അത്മായട്രസ്റ്റി, സമുദായസെക്രട്ടറി തുടങ്ങിയവർ അംഗങ്ങളും ആയുള്ള ഒരു കമ്മററിയാണ് കോളജിൻെറ ഭരണചുമതല നിർവ്വഹിക്കുന്നതു്.

## എഞ്ചിനീയറിംഗ് അഡ്മിഷൻ അപേക്ഷകൾ ക്ഷണിക്കുന്നു

കോട്ടയം: കർണ്ണാടക സ്റ്റേററിൽ ഓർത്തഡോക്സ് സഭയ്ക്കു് അനുവദിച്ചിട്ടുള്ള കാതോലിക്കേററ് എഞ്ചിനീയറിംഗ് കോളേജിൽ ഈ സെപ്റ്റംബറിൽ ക്ലാസുകൾ ആരംഭിക്കുന്നതാണ്.

സാമ്പത്തിക പരാധീനതയുള്ളവരും പ്രീഡിഗ്രി പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാതമാററിക്സ് വിഷയങ്ങൾക്ക് 60% മാർക്ക് വാങ്ങിച്ചിട്ടുള്ളവരുമായ ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികൾ ഇടവക വികാരിയുടേയും, ഇടവക മെത്രാപ്പോലീത്തായുടേയുംശുപാർശയോടുകൂടി ആഗസ്റ്റ് 20–ാം തീയതിയ്ക്കുമുമ്പ് പ: കാതോലിക്കാ ബാവാ തിരുമനസ്സിലെ പേർക്ക് അപേക്ഷ നല്കിയിരിക്കേണ്ടതാണെന്നു് കാതോലിക്കേററ് ഓഫീസിൽ നിന്നും അറിയിക്കുന്നു.

# ഉപവാസ ധ്യാനത്തിലൂടെ സമാധാനംകൈവരിക്കണം മാർ അത്താനാസ്യോസ്

(സ്വന്തം ലേഖകൻ)

ചെങ്ങന്നൂർ: രാഷ്ട്രവും ലോകവും അഭിമുഖീകരിക്കുന്ന സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾക്കെതിരെ ഓർത്തഡോക്സ് സഭാ മക്കൾ ഉപവാസത്തോടും പ്രാർത്ഥനയോടും ദൈവസന്നിധിയിൽ നിലവിളിക്കേണ്ടതു് കാലഘട്ടത്തിൻെറ ആവശ്യമാണെന്നു് ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. ആഗസ്റ്റ് 4 മുതൽ 6 വരെ ഉമയാററുകര സെൻററ് തോമസ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് ലോകസമാധാനത്തിനും ദേശീയ ഐക്യത്തിനും വേണ്ടി നടത്തപ്പെട്ട ത്രിദിന ഉപവാസ ധ്യാനയോഗങ്ങളുടെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യക്തി വ്യക്തിയോടും ജാതി ജാതിയോടും രാഷ്ട്രം രാഷ്ട്രത്തോടും പോരാടിക്കൊണ്ടിരിക്കുന്ന, ഇത്തരുണത്തിൽ സമാധാനത്തിൻെറ പ്രഭുവായ യേശുവിൻെറ നാമം വിളിക്കപ്പെട്ട പരിശുദ്ധ സഭയിലെ വിശ്വാസികൾ ഭക്ഷണം വെടിഞ്ഞു് ഉപവാസത്തോടും പ്രാർത്ഥനയോടും ദൈവസന്നിധിയിൽ മൂന്നു ദിവസം സമ്മേളിച്ചതു് അനുഗ്രഹകരമാണെന്നും, ഇത്തരത്തിലുള്ള ഉപവാസ ധ്യാനയോഗങ്ങൾ സഭയിലാകമാനം ഉണ്ടാകുന്നതു് നല്ലതാണെന്നും തിരുമേനി ഓർമ്മിപ്പിച്ചു.

യും, ചെങ്ങന്നൂർ ഭദ്രാസന പ്രാർത്ഥനാ സമാജങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ ത്രിദിന ഉപവാസ ധ്യാനയോഗങ്ങൾക്ക് പി. ജി. ജോർജ് കോറെപ്പിസ്ക്കോപ്പാ, ഫാ. ററി. ജി. സഖറിയ, ഇമാം സുവാർത്താ മിഷൻ ഡയറക്ടർ പോൾ സിനിരാജ് മുഹമ്മദ് എന്നിവർ നേതൃത്വം നൽകി. സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പാ ധ്യാനയോഗം ഉദ്ഘാടനം ചെയ്തു. വി. ജെ. കുര്യൻ, പ്രൊഫ കെ. ററി. തോമസ്, കെ. സി. മാണി, ഫാ. മാത്യു വൈദ്യൻ, ഫാ. ജോൺ പുത്തൻവീട്ടിൽ, പ്രൊഫ. റവ. ഡോ. എം. കെ. തോമസ് എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച സംസാരിച്ചു. കേരളത്തിൻെറ പല ഭാഗങ്ങളിൽനിന്നായി അനേകർ ധ്യാനയോഗത്തിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുകയുണ്ടായി. പി. എസ്. ജേക്കബ് (മണർകാട്), മിസ്സിസ് ജെസി ചാക്കോ (വാകത്താനം), മിസ്സ് ജെസി ഒ. മാത്യു, കുമാരി മിനിമോൾ മാത്യു എന്നിവർ ഗാനശുശ്രൂഷയ

## ദേവലോകം പെരുനാൾ

കോട്ടയം: വി. ദൈവമാതാവിൻെറ ഓർമ്മപ്പെരുന്നാൾ ദേവലോകം അരമനചാപ്പലിൽ ആഗസ്റ്റ് 15-നു് ആഘോഷിക്കും. പ: ബാവാതിരുമനസിലെ സാന്നിദ്ധ്യത്തിൽ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ചടങ്ങുകൾക്ക് നേതൃത്വം നല്കും. അബ്ദേദ് മശിഹാ പാത്രിയർക്കീസിൻെറ ഓർമ്മയും അന്നേ ദിവസം ആചരിക്കും. വി. മൂന്നിൻമേൽ കുർബാന; റാസ; ആശീർവാദം; നേർച്ച വിളമ്പ് എന്നിവയോടെ ചടങ്ങുകൾ സമാപിക്കും.

## ചിക്കാഗോ സെൻറ് മേരീസ് പെരുന്നാൾ ഓഗസ്റ്റ് 23നു്

ഷേബാലി

ചിക്കാഗോ: ചിക്കാഗോ സെൻററ് മേരീസ് ഓർത്തഡോക്സ് പള്ളിപെരുന്നാൾ ഓഗസ്റ്റ് 22, 23 തീയതികളിൽ വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നതാണ്. പെരുന്നാൾ ദിവസം ഇടവക മെത്രാപ്പോലീത്താ . ഡോ. തോമസ് മാർ മക്കാറിയോസ് വി ബലി അർപ്പിക്കും.

തുടർന്നു് ചേരുന്ന ആദ്ധ്യാത്മിക സംഘടനകളുടെ വാർഷിക സമ്മേളനത്തിൽ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും.

ഇടവക വികാരി കുര്യൻതോട്ടുപുറം കോർ എപ്പിസ്കോപ്പസ് നന്ദി പറയും.

## വാർഷിക കോൺഫറൻസ് ആഗസ്റ്റ് 22നു് ആരംഭിക്കും

കോട്ടയം: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം ഹൈസ്ക്കൂൾ വിഭാഗം വാർഷിക കോൺഫറൻസ് ആഗസ്റ്റ് 22 മുതൽ 24 വരെ തീയതികളിൽ വാകത്താനം സെൻറ്... നടത്തുന്നതാണ്.

കോൺഫറൻസിനോടനുബന്ധിച്ച പ്രസംഗം, സംഗീതം സമൂഹഗാനം, ആരാധനാ ഗീതം, വേദവാക്യം എന്നീ ഇനങ്ങൾക്ക് അഖില മലങ്കരാടി

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 ആഗസ്റ്റ് 12 ലക്കം 25

# ലംഘനങ്ങളുടെ വശ്യത

നിയമം ലംഘിക്കുന്നവർ ഉണ്ടായേക്കും എന്നുള്ളതുകൊണ്ടാണല്ലോ നിയമപ്രസ്താവനയോടൊപ്പം സാധാരണ നിയമലംഘനക്കാർക്കുള്ള ശിക്ഷയും ചേർത്തു കാണുന്നത്. ആദിമനുഷ്യൻ മുതൽ തന്നെ ഇതാണു സ്ഥിതി. നിയമലംഘനം വരുത്താതിരിക്കാനുള്ള ഒരു മുന്നറിവുംകൂടെയാണ് ശിക്ഷയെ സംബന്ധിച്ച വിളംബരം. രാജഭരണകാലത്തും ഇന്നും കടുത്ത ശിക്ഷയെയുള്ള ഭയമാണ് കുററവാസനയുള്ളവരെപ്പോലും ക്രൂരകൃത്യങ്ങളിൽ നിന്നും പിന്തിരിച്ചിട്ടുള്ളത്.

എങ്കിലും ലംഘനം ചിലർക്കെങ്കിലും ഒരു കലയാണ്. ലംഘനം ചെയ്തു ശിക്ഷയേററു വാങ്ങിയവനെ സഹതാപപൂർവ്വം പിന്താങ്ങി, "അയ്യോ, പാവം'' എന്നു പറയാനും ആളുണ്ടായെന്നു വരും- സർവ്വശക്തനായ ദൈവത്തിൻെറ സ്നേഹവ്യവസ്ഥിതിയോടു മൽസരിച്ച്, അത്യാഗ്രഹവും അസൂയയും നിറഞ്ഞ് കല്പനലംഘനക്കാരനായി ഭവിച്ചതിനാൽ മാലാഖാപ്രമുഖൻ തന്നെ ദൈവസന്നിധിയിൽ നിന്നും പുറത്താക്കപ്പെട്ടു. എന്നാൽ അവനെ ഉടനെ നശിപ്പിക്കാതെ, തൻെറ സ്നേഹത്തിൻെറ വിശ്വരൂപം വെളിവാക്കി, താൻ ക്രൂരനായ ഏകാധിപതിയോ, ജീവികളെ 'ചവുട്ടിത്തേക്കുന്ന'വനോ അല്ലെന്നും, തൻെറ സൃഷ്ടിക്കുവേണ്ടി വൻത്യാഗങ്ങൾ അനുഷ്ഠിച്ച് തന്നെത്തന്നെ നൽകുവാൻ തയ്യാറാണെന്നും വെളിവാക്കുവാനാണ് ദൈവം തിരുമനസ്സായത്. എങ്കിലും സാത്താനു മാനസാന്തരമുണ്ടാകാതെ അവൻ തുടർന്നും യുദ്ധം ചെയ്തു മാലാഖമാരെയും മനുഷ്യരെയും വഴിതെററിക്കുവാൻ ഉദ്യമിക്കുമ്പോൾ അവൻെറ ധീരതയെയും, നിശ്ചയദാർഢ്യത്തെയും വാഴ്ത്തുവാൻ ആളുണ്ടാകുന്നല്ലോ! അവിടെയാണ് ലംഘനത്തിൻെറ വശ്യത. ആ ചിന്ത വരുത്തുന്നതാരെന്നോ? സംശയിക്കേണ്ട–സർവ്വലംഘനങ്ങളുടെയും മൂർത്തീഭാവമായ സാത്താൻ തന്നെ.

സോദോം ഗോമോറാ എന്നീ പട്ടണങ്ങളിലെ ജനങ്ങളുടെ തിന്മ മേരുസദൃശമായി വർദ്ധിച്ചു വന്നതിനാൽ യഹോവ അവയെ തീയും ഗന്ധകവും വർഷിച്ച് ഉന്മൂലനാശം ചെയ്തു. എന്നാൽ യഹോവയുടെ ദാസന്മാരായ അബ്രാഹാമിനെയും ലോത്തിനെയും അവരുടെ കുടുംബങ്ങളെയും അവിടുന്നു കടാക്ഷിച്ചു; അവരെ രക്ഷിച്ചു. സോദോം പട്ടണവാതില്ക്കൽ പാർത്തിരുന്ന ലോത്തിനെയും കുടുംബത്തെയും ദൈവദൂതൻ കൈക്കു പിടിച്ച്

## ധ്യാനപീഠം

നശിക്കാൻ പോകുന്ന ആ പട്ടണത്തിൽ നിന്നും ദൂരത്താക്കി. പട്ടണത്തിനു പുറത്ത് എത്തിച്ച ശേഷം ജീവരക്ഷയ്ക്കായി ഓടിപ്പോക എന്ന് അവരോടു കല്പിച്ചു. കൂട്ടത്തിൽ "പുറകോട്ടു നോക്കരുത്, ഈ പ്രദേശത്തെങ്ങും നില്ക്കയുമരുത്'' എന്നൊരു താക്കീതും. ലോത്ത് യഹോവയെ ഭയപ്പെട്ടിരുന്നതുകൊണ്ട് ഈ നിർദ്ദേശങ്ങൾ അക്ഷരാർത്ഥത്തിൽ തന്നെ പാലിച്ചു. എന്നാൽ ലോത്തിൻെറ ഭാര്യ കുറെക്കൂടി കൗശലക്കാരിയായിരുന്നു. ആകാശത്തുനിന്നു തീയും ഗന്ധകവും സോദോം–ഗോമോറ മേൽ വർഷിക്കപ്പെട്ട് അവ ദഹിക്കുമ്പോൾ തിരിഞ്ഞുനോക്കി ആ കാഴ്ചയൊന്നു കാണാൻ അവൾക്കു തിടുക്കമായി. ദൈവദൂതന്മാരുടെ വാക്ക് അവളും കേട്ടിരുന്നു. എന്നാൽ ഒരു നിമിഷം ഒന്നു തിരിഞ്ഞുനോക്കിയാലെന്തു സംഭവിക്കാൻ പോകുന്നു! എന്നൊരു ലാഘവചിന്ത അവളുടെ മനസ്സിൽ മിന്നി. നഗരവും മനുഷ്യരും വെന്തെരിയുന്ന കാഴ്ച. അതൊന്നു കണ്ടുപോയതുകൊണ്ട് തീയുടെ വർഷം ശമിക്കില്ല; അവരുടെ ഓട്ടത്തിനു തടസ്സമുണ്ടാകാനും പോകുന്നില്ല. മുമ്പെ ഓടുന്ന ഭർത്താവ് പുറകോട്ടു തിരിയാൻ സാദ്ധ്യതയില്ലാത്തതുകൊണ്ട് അദ്ദേഹം അറിയാനും പോകുന്നില്ല. ചിന്ത ഇത്രത്തോളമായപ്പോൾ, കുഴപ്പമില്ല എന്ന ഉറപ്പോടെ അവൾ ഒന്നു തിരിഞ്ഞു നോക്കി. ഫലമോ? അതേ നിമിഷം തീയിൽ പിടയുന്നവരെ കാണാൻ ഗൂഢമായി നോക്കിയവൾ, വെള്ളത്തിലലിയുന്ന ഉപ്പായി ഭവിച്ചു! തൻെറ ഓട്ടത്തിൻെറ അവസാനമായിരിക്കാം ഭാര്യ നഷ്ടപ്പെട്ട വിവരം ലോത്തുപോലും അറിയുന്നത്. തങ്ങളുടെ അമ്മയെ രക്ഷിപ്പാൻ രണ്ടു പെൺമക്കൾക്കും സാധിച്ചില്ല.

ഇത് ഒരു പഴയ സംഭവത്തിൻെറ അനുസ്മരണം മാത്രം. പക്ഷെ, നിർദ്ദേശം പാലിക്കുക എന്നതിനെക്കാൾ, ഒരു രസത്തിനു വേണ്ടിയെങ്കിലും നിർദ്ദേശം ലംഘിക്കുന്നതിനല്ലേ മനുഷ്യമനസ്സുകളുടെ തിടുക്കം? അത് ചെയ്യരുത് എന്നു പറഞ്ഞാൽ, അതു തന്നെ ഒന്നു ചെയ്യാനുള്ള നീക്കം. ഈ ദുർഗ്ഗുണത്തെ സാഹസികതയെന്നും, 'സ്മാർട്ട്നെസ്സ്' എന്നും, 'ഡൈനാമിസം' എന്നുമൊക്കെ ചിലർ വിളിച്ചെന്നു വരും. എന്നാൽ എന്തു പേരു വിളിച്ചാലും ഈ ദുർഗ്ഗുണം മറെറാന്നുമാകുന്നില്ല. ലംഘനം നടത്തിയ ശേഷം, "ഞാൻ ഇത്രയുമല്ലേ ചെയ്തുള്ളു, ഒന്നു ക്ഷമിച്ചാലെന്താ'' എന്നു പറയുന്നത് കുററബോധം കൊണ്ടല്ലല്ലോ. അദ്ധ്യാപകനെ ചീത്തവാക്കുകൾകൊണ്ടഭിഷേകം ചെയ്യുന്ന 'വിദ്യാർത്ഥി'യും മേലുദ്യോഗസ്ഥനെ ജലപാനംപോലും ചെയ്യാനനുവദിക്കാതെ വളഞ്ഞു വയ്ക്കുന്ന സംഘടിതതൊഴിലാളികളും "ഞങ്ങൾ ഇങ്ങനെയൊന്നു പറഞ്ഞുപോയി, ചെയ്തുപോയി; നിങ്ങളങ്ങു ക്ഷമിച്ചേരു'' എന്ന് ലാഘവമായി പറയുമ്പോഴാണ് കാര്യങ്ങൾ എവിടെ എത്തി നില്ക്കുന്നു എന്നു ബോധ്യം വരുന്നത്. അനുസരണം ബലിയേക്കാൾ ഉത്തമം എന്നു പറയുന്നത് യഥാർത്ഥ അനുസരണത്തിൽ ബലിയുടെ പരിപൂർണ്ണത ഉൾക്കൊള്ളുന്നു എന്നതുകൊണ്ടാണല്ലോ.

**പ്രാർത്ഥന:** ദൈവമേ, കല്പനകളെ ചോദ്യം ചെയ്യുന്നവരാകാതെ കല്പനകൾ അനുസരിക്കുന്ന നല്ല മനുഷ്യരായി ഞങ്ങളെ രൂപാന്തരപ്പെടുത്തേണമേ. യേശുനാഥാ, ആത്മശിക്ഷണത്തിൻെറ ബാലപാഠങ്ങൾ നിന്നിൽ നിന്നും ഞങ്ങൾ പഠിക്കുമാറാകട്ടെ. അന്യരെ നിയമത്തിൻെറ പരിധിയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതിനു മുമ്പ് ഞങ്ങൾ തന്നെ അനുസരിക്കുന്നവരായി, നല്ല മാതൃകകളായിത്തീരട്ടെ. നിയമം ലംഘിക്കുന്നതിൽ രസം കണ്ടെത്തുന്നവരോ, നിയമലംഘകരെ പ്രോത്സാഹിപ്പിക്കുന്നവരോ ആകാതെ നിയമം പാലിക്കുന്ന അച്ചടക്കമുള്ളവരാകാൻ ഞങ്ങളെ പഠിപ്പിക്കേണമേ.

**ചിന്താവിഷയം** 1: ഉല്പത്തി 19:26 "ലോത്തിൻെറ ഭാര്യ അവൻെറ പിന്നിൽ നിന്നു തിരിഞ്ഞു നോക്കി ഉപ്പുതൂണായി ഭവിച്ചു.''

**ഫാ: ജേക്കബ് ചെറിയാൻ**

ധ്യാനവേദി — അദ്ധ്യായം പന്ത്രണ്ട്

# ക്രിസ്ത്വാനുകരണം

**തോമസ്. എ. കെംപിസ്**

### വിശുദ്ധമായ കുരിശിൻെറ രാജമാർഗ്ഗത്തെപ്പററി

സ്വാർത്ഥത്തെ ത്യജിക്കുക; നിങ്ങൾ കുരിശെടുക്കുക, യേശുവിനെ അനുഗമിക്കുക.

ഈ വാക്കുകൾ ഏറെ കഠിനമായിത്തോന്നാം, എന്നാലും ആ അന്ത്യവചനങ്ങൾ ഇതിലുമെത്രയോ കഠിനതരമാണ്– 'എന്നിൽനിന്ന് അകലെപ്പോകൂ, ശപിക്കപ്പെട്ടവരായ നിങ്ങൾ, നിത്യമായ അഗ്നിയിലേക്ക്'' തങ്ങൾക്ക് കുരിശിനെ കൊണ്ടുവന്നു കൊടുക്കുന്ന വാക്കുകൾ സാമോദം ശ്രവിക്കുകയും അനുസരിക്കുകയും ചെയ്യുന്നവന് പിന്നീട് നിത്യമായ ശാപവിധിയെ അർത്ഥമാക്കുന്ന ആ വാക്കുകളെ ഭയപ്പെടേണ്ടതില്ല. നാഥൻ വിധിക്കാനാഗമിക്കുമ്പോൾ കുരിശിൻെറ ഈ അടയാളമാകും സ്വർഗ്ഗത്തിലുണ്ടാകുക. അപ്പോൾ ഇഹജീവിതത്തിൽ ക്രൂശിതനായ യേശുവിൻെറ പാദമുദ്രകളെ പിന്തുടർന്ന് ക്രൂശിൻെറ സേവകരായ സർവ്വരും ആത്മവിശ്വാസത്തോടെയും അഭയത്തോടെയും വിധികർത്താവായ ക്രിസ്തുവിൻെറ സന്നിധിയിൽ എത്തും.

അതുകൊണ്ടു നമ്മെ ദൈവരാജ്യത്തിലേക്കു നയിക്കുന്ന ആ കുരിശിനെ എടുക്കുവാൻ നീ എന്തുകൊണ്ടാണ് ഭയപ്പെടുന്നത്.

രക്ഷ കുരിശിലാകുന്നു; കുരിശിൽത്തന്നെയാകുന്നു. ജീവിതവും; ശത്രുക്കളിൽനിന്നുള്ള പ്രതിരോധം കുരിശിലാകുന്നു കുരിശിലാകുന്നു മനസ്സിൻെറ കരുത്ത്; ആത്മാവിൻെറ ആമോദവും കുരിശിലാകുന്നു; കുരിശിലാകുന്നു അത്യുന്നതമായ നന്മ; കുരിശിൽതന്നെയാകുന്നു പൂർണ്ണമായ സംശുദ്ധി. കുരിശിലല്ലാതെ നിത്യജീവിതത്തിൻെറ പ്രത്യാശയോ ആത്മാവിൻെറ മോക്ഷമോ മറെറങ്ങുമില്ല. അതുകൊണ്ട് നിങ്ങളുടെ കുരിശെടുക്കുക; യേശുവിനെ അനുഗമിക്കുക; എങ്കിൽ നിങ്ങൾ നിത്യജീവിതത്തിൽ പ്രവേശിക്കും. അവൻ നിങ്ങൾക്കുമുൻപേ നടന്നു; തൻെറ കുരിശുംവഹിച്ചു കൊണ്ട്; ആ കുരിശിൽത്തന്നെ അവൻ നിങ്ങൾക്കായി മരണം വരിച്ചു; നിങ്ങളും അവൻെറ കുരിശുവഹിക്കുവാൻ വേണ്ടി ഒരു ക്രൂശ്മരണം മോഹിക്കുവാൻവേണ്ടി. എന്തെന്നാൽ നിങ്ങൾ അവൻെറ മൃതിയെ പങ്കിട്ടാൽ അവൻെറ ജീവിതത്തേയും നിങ്ങൾ പങ്കിടും. അവൻെറ സഹനങ്ങളിൽ നിങ്ങൾ പങ്കാളികളാകുന്നെങ്കിൽ അവൻെറ മഹത്വത്തിലും നിങ്ങൾ അവനോടൊപ്പം ഉണ്ടാകും.

ഏററവും പ്രധാനം കുരിശും കുരിശിലെ മരണവുമാകുന്നു. വിശുദ്ധ കുരിശിൻെറ മാർഗ്ഗവും, സ്വാത്മോന്മുഖവുമായ അനുദിനമൃതിയുമല്ലാതെ നിത്യജീവനിലേക്കും സത്യമായ ആത്മശാന്തിയിലേക്കും മറെറാരു പാതയുമില്ല. ഇഷ്ടമുള്ളിടത്തേക്കു പോകുക. ഇഷ്ടമുള്ളതിനെ നോക്കുക; എന്നാലും വിശുദ്ധ കുരിശിൻെറ വഴിയേക്കാൾ സുരക്ഷിതമായ വഴി താഴെയോ, ഉന്നതമായ മറെറാ വഴി മുകളിലോ നിങ്ങൾ കണ്ടെത്തുകയില്ല.

നിങ്ങളുടെ സ്വന്തം വീക്ഷണങ്ങൾക്കും കാമനകൾക്കും അനുരോധമായി നിങ്ങൾ അഖിലവും സജ്ജീകരിച്ചാലും നിങ്ങൾക്ക് ആവശ്യമായാലുമില്ലെങ്കിലും, എന്തെങ്കിലും നിങ്ങൾക്ക് സഹിക്കേണ്ടതായിവരും– കുരിശ് അവിടെ എപ്പോഴുമുണ്ടാകും. ശാരീരിക വേദന സഹിക്കേണ്ടിവരികയില്ലെങ്കിലും ആത്മാവിൻെറ ആന്തരപരീക്ഷണങ്ങൾ നിങ്ങൾക്കുണ്ടാകും; ചിലപ്പോൾ ദൈവം നിങ്ങളെ ഉപേക്ഷിക്കാം. ചിലപ്പോൾ നിങ്ങളുടെ അയൽക്കാരൻ നിങ്ങളെ ഭാരപ്പെടുത്തിയേക്കാം; ഇനിയും മോശമായതരത്തിൽ നിങ്ങൾക്കുതന്നെ ഒരു ഭാരമാകാം. പരിഹാരമോ സാന്ത്വനമോ നിങ്ങളെ വിമുക്തീകരിക്കാനോ, ലഘുചിത്തനാക്കാനോ കഴിവുള്ളവയല്ല; എന്നാലും അവയെ ദൈവം ഇച്ഛിക്കുന്നിടത്തോളം വഹിക്കാൻ നിങ്ങൾ ബാദ്ധ്യസ്ഥനാണ്. സാന്ത്വനം സ്വീകരിക്കാതെ കഷ്ടതകളെ സഹിക്കുവാൻ പഠിക്കുക എന്നത് ദൈവഹിതമാണ്; എങ്കിൽ നിങ്ങൾ അവന്നായി സമ്പൂർണ്ണ സമർപ്പണംചെയ്യും; ഈ കഷ്ടതയിൽനിന്ന് വിനയം പഠിക്കുകയും ചെയ്യും. തൻെറ കർമ്മങ്ങളിൽ സഹനമേല്ക്കാൻ വിധിയുള്ള ഒരുവനെപ്പോലെ ക്രിസ്തുവിൻെറ പീഡാനുഭവങ്ങൾ മററാരും അനുഭവിക്കുന്നില്ല.

അതുകൊണ്ട് കുരിശ് സഭാസമീപസ്ഥമാകുന്നു; എല്ലായിടത്തും അതു നിങ്ങളെ കാത്തിരിക്കുന്നു. എവിടേയ്ക്കു പലായനംചെയ്താലും അതിൽനിന്നു രക്ഷപെടുക നിങ്ങൾക്ക് അസാദ്ധ്യമാണ്; എന്തെന്നാൽ നിങ്ങൾ എവിടേയ്ക്കു പോയാലും നിങ്ങളെത്തന്നെ കൊണ്ടുപോകും; മാത്രമല്ല എല്ലായ്പോഴും നിങ്ങൾ നിങ്ങളെത്തന്നെ അഭിദർശിക്കും. താഴെയും മുകളിലും നോക്കുക; വെളിയിലോ ഉള്ളിലോ; അവിടെയും നിങ്ങൾ കുരിശു കാണും.

ആരാധനാപഠനം

# ആരാധനാഗീതസമീക്ഷ

**പ്രൊഫ: എൻ. ഐ. നൈനാൻ ശൂരനാട്**

സ്ലീബാ–രാത്രി നമസ്കാരം
മൂന്നാം കൗമാ

എക്ബാ
ആബൊക്സബ്വോ–
മട്ടിൽ–
(ആനീഹ് മൊറിയൊല
ആനി ദൈൻ)

ഗീതം–
കർത്താവേ നൽകാശ്വാസം
നിൻ സൽ ഭവനങ്ങൾക്കുള്ളിൽ
വാങ്ങിപ്പോയോർക്കായ്
കൃപയീ ഞങ്ങൾക്കും
അടിയാർക്കുമവർക്കുംപററും
കുററങ്ങൾ മാററീടേണം
കുറിയേ...

അർത്ഥം–കർത്താവേ! ഞങ്ങളുടെ മരിച്ചു പോയവരെ നിൻെറ മഹിമയുള്ള ഭവനങ്ങളിൽ ആശ്വസിപ്പിക്കണമേ. ഞങ്ങളുടെയും അവരുടെയും തെററുകൾ ക്ഷമിച്ചു ഇല്ലായ്മ ചെയ്തുകൊണ്ട് അവരെ ആശ്വസിപ്പിക്കയും ഞങ്ങളോടു കരുണ കാണിക്കയും ചെയ്യണമെ.

കർത്താവേ ഞങ്ങളുടെ മേൽ
കരുണ ഉണ്ടാകണമേ.

പ്രൊമിയോൻ

ഗീതം–
ബ്ക്കൂൽമേദം–മട്ടിൽ
(അത്തുമൊറിയോ ആനീഹേന്യൻ)

കർത്താവേ ആശ്വാസം നൽ–
കുത്ഥാനത്തിൻനാളോളം
താത്കാലികമാമിജ്ജീവൻ
വിട്ടപിതാക്കൾക്കും
ഭ്രാതൃജനങ്ങൾക്കും
കാന്തിയെഴുന്നറകൾക്കുള്ളിൽ
നൽകീടാശ്വാസം–
അവരെയോർക്കും നാം
കബറു–
ള്ളസ്ഥിതികളറിയേണം
നിൻ കല്പന മൺമയരാമാ–
ദാമ്യർക്കുയിരേകിടുമ്പോൾ
കാന്തിയണിഞ്ഞിട്ടവർ
നിന്നോ

(ശേഷം 5–ാംപേജിൽ)

നോവൽ

# പുതിയ പുലരികൾ തേടി

—അന്തിനാട്ട് ജോസ്

## അദ്ധ്യായം ആറ്

മകരത്തിലെതണുപ്പിൽകോച്ചിനില്ക്കുന്ന മലനിരകൾ. അവയിൽ നിന്നും നിർഗ്ഗളിക്കുന്നകാട്ടുചോലയുടെനൃത്തത്തിൽ നിലാവിന്റെ അരഞ്ഞ താളക്കം.

ചേച്ചമ്മയ്ക്ക് എത്ര ശ്രമിച്ചിട്ടും ഉറക്കം വന്നില്ല. നിദ്ര തന്റെ കൺപോളകളെ തലോടാതെ വഴിമാറി നില്ക്കുന്നു. എവിടെയോ നിന്നും മൂങ്ങാമാത്രം നീട്ടിനീട്ടിക്കൂവുന്നു, ആ ശബ്ദത്തിന്റെ മുഴക്കമേറിയ അലകൾ വെറുങ്ങലിച്ച നിശീഥിനിയാകെ നിറഞ്ഞു നില്ക്കുന്നു.

ഇനി എന്നെങ്കിലും തനിക്കു സ്വസ്ഥത ലഭിക്കുമോ? തന്റെ സ്വന്തം വയററിൽ പിറന്ന വിൽസൺ. അവനെ ഇതുവരെ താനൊന്നു കൺകുളർക്കെ കണ്ടിട്ടില്ല. കേവലം ഒരു ശിശുവായിരുന്നപ്പോഴല്ലേ അവൻ നാടു വിട്ടതു്? അന്നവനു് അഞ്ചു വയസ്സുപോലും തികഞ്ഞിട്ടില്ല. അഞ്ചാംപിറന്നാളിന് ഏതാനും ദിവസം മുമ്പാണ് അവൻ അപ്രത്യക്ഷനായതു്. അന്നു മുതൽ അവന്റെ വരവും കാത്തു് ചേച്ചമ്മ ഇരിക്കാറുള്ളതാണ്. ഇന്നുവരും നാളെവരും എന്നു കരുതി അവർ എത്രയോ രാത്രികൾ ഉറക്കമിളച്ചിരുന്നു. അവന്റെ നേർത്ത കാലൊച്ചകൾക്കായി അവർ കാതോർത്തിരുന്നു. പുറത്തു് കരിയിലകളിൽ കേൾക്കുന്ന നേരിയ ശബ്ദം പോലും തന്റെ മകന്റെ വരവാണെന്നു് ചേച്ചമ്മ കരുതി. പക്ഷേ ആ കാത്തിരുപ്പ് ഓരോ നിമിഷം വ്യർത്ഥമായപ്പോൾ ചേച്ചമ്മയുടെ ഹൃദയത്തിൽ കനത്ത ഇരുട്ടായി. ദു:ഖത്തിന്റെ അലകൾ അടിഞ്ഞുകൂടി. അവൻ വരില്ലെന്നു് ചേച്ചമ്മയ്ക്കു് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവന്റെ വരവിനായി വേഴാമ്പലിനെപ്പോലെ വർഷങ്ങളായ് കാത്തിരുന്നു.

ഇന്നു് ഏതാനും മണിക്കൂറുകൾക്കു് മുമ്പു് വിൽസനെ തന്റെ മുമ്പിൽ കണ്ടപ്പോൾ ചേച്ചമ്മയ്ക്കു് ആദ്യമൊന്നും തന്റെ കണ്ണുകളെ വശ്വസിക്കാൻ കഴിഞ്ഞില്ല. അവന്റെരൂപമാണെന്നു് നിമിഷങ്ങളോളം അവർക്കു വിശ്വസിക്കാൻ പാടു പെടേണ്ടിവന്നു.

അവൻ ശേഷിച്ച കാലം മുഴുവൻ തന്നോടൊത്തു് കഴിയുമെന്നാണ് ചേച്ചമ്മ കരുതിയിരുന്നതു്. പക്ഷേ കറിയാച്ചൻ ഒരിക്കലും ഇത്തരത്തിൽ പെരുമാറുമെന്നു് കരുതിയിരുന്നില്ല. വെറും ഒരു അന്യനെപ്പോലെ അവനെ ആട്ടിയിറക്കുമെന്നു്കരുതിയിരുന്നില്ല.

അവനെ താൻ നൊന്തു പ്രസവിച്ചു വളർത്തിയതാണ്. കണ്ണിലെ കൃഷ്ണമണി പോലെ അവനെ താൻ അഞ്ചുവർഷത്തോളം കാത്തു സംരക്ഷിച്ചതാണ്. അവനെ താൻ പാലൂട്ടിയതാണ്. എന്നിട്ടും ഒരു അന്യനെപ്പോലെ അവനെ താൻ കാണേണ്ടി വന്നിരിക്കുന്നു.

എന്തൊരു വിധിയാണിതു്?

ലോകത്തിൽ ഏതെങ്കിലും അമ്മമാർക്കു് ഇത്തരം ഒരു വിധി വന്നു ഭവിച്ചിട്ടുണ്ടോ?

ഇല്ല. തനിക്കു മാത്രമായി ദൈവം തന്ന ദുർവ്വിധിയാണിതു്. മനസ്സും ശരീരവും ഒന്നുപോലെ നീറിനീറി താൻ ജീവിക്കുക.

കഴിഞ്ഞ ഏതാനും മണിക്കൂറുകളെക്കുറിച്ചു ചേച്ചമ്മ മനംനൊന്തു് ഓർത്തു.

അവൻ എത്ര അഭിമാനിയാണ്. അവൻ ഒരിക്കലും തന്റെ അവകാശം പറഞ്ഞു് അവിടെ നിന്നില്ല. അവൻ ഒരക്ഷരം പോലും ഉരിയാടാതെ നടന്നു മറഞ്ഞു. അവൻ എന്തെങ്കിലും പറഞ്ഞിരുന്നെങ്കിൽ ചേച്ചമ്മയ്ക്കു് ഇത്രയും നൊമ്പരം തോന്നുകില്ലായിരുന്നു.

അവനെ കൺകുളർക്കെ ഒന്നു കാണാൻപോലും കഴിഞ്ഞില്ല. അതിനു മുമ്പേ മാനത്തു മായുന്ന മേഘങ്ങളുടെ നിഴൽ പോലെ അവൻ അപ്രത്യക്ഷനായി. ഒരു നിലാവു മായുംപോലെ.. ഒരു തിര കടലിൻതീരത്തടിച്ചു ചിതറുന്നതുപോലെ വിൽസൺ പോയി മറഞ്ഞിരിക്കുന്നു.

അവനെ ഒന്നു വിളിക്കാൻ പോലും അപ്പോൾ ശബ്ദത്തിന്റെ ഒരു കീറുപോലും തന്റെ തൊണ്ടയിൽ അവശേഷിച്ചിരുന്നില്ല. തനിക്കു് എത്ര ശ്രമിച്ചിട്ടും അവനെ തടഞ്ഞുനിത്താൻ കഴിഞ്ഞില്ല.

പോവല്ലേ, പോവല്ലേ എന്നു് ആകാശവും ഭൂമിയും ഞെട്ടുങ്ങുമാറുച്ചത്തിൽ വിളിച്ചുകൂവണമെന്നുതോന്നിയതാണ്. പക്ഷേ ഒന്നിനും തനിക്കു കഴിഞ്ഞില്ലല്ലോ എന്നോർത്തപ്പോൾ ആ നല്ല സ്ത്രീയുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

ചുവരിലെ ക്ലോക്കിൽ പന്ത്രണ്ടുതവണ മണികൾ ശബ്ദിച്ചു. നനഞ്ഞ കണ്ണുകളുയർത്തി ചേച്ചമ്മ ചുവരിലേക്കുനോക്കി.

മണി പന്ത്രണ്ടു കഴിഞ്ഞിരിക്കുന്നു.

പുറത്തു് നിർമ്മലമായ ആകാശത്തിൽ എവിടെനിന്നോ ഒരുപിടി കാർമേഘത്തിന്റെ ചീളുകൾ ഒഴുകിനടക്കുന്നു. താമസിക്കാതെ ആ മേഘങ്ങൾ നിലാവിന്റെ വെള്ളിപ്രഭയെ വിഴുങ്ങിക്കളയുമായിരിക്കും.

അതിനുമുമ്പേ ആ കാർമേഘങ്ങൾ എവിടെയെങ്കിലും മറഞ്ഞുപോയിരുന്നെങ്കിൽ.

ഇരുളിന്റെ കനത്ത വലയങ്ങൾ കാണുന്നതു് ചേച്ചമ്മയ്ക്കു ഭയമായി തോന്നി. അവർ വീണ്ടും പുറത്തേയ്ക്കുനോക്കി.

അവിടെനിന്നാൽ ടാറിട്ട നിരത്തുകാണാം. അവിടെ അവരുടെ കണ്ണുകൾ ഒരുനിമിഷം തറഞ്ഞുനിന്നു. അതിലൂടെയാണ്. അവൻ അവസാനമായി നടന്നുനീങ്ങിയതു്. അവൻ തിരിച്ചു് ആ പാതയിലൂടെ വരുന്നുണ്ടോ അറിയാനായി അവർ കണ്ണിമയ്ക്കാതെ നോക്കിനിന്നു. ഒരുപക്ഷേ അവൻ വീണ്ടും തിരിച്ചു് ഈ പടികുള്ളിൽ കയറിവരുമോ?

അടുത്ത നിമിഷംതന്നെ ചേച്ചമ്മ തന്റെ വിഡ്ഢിത്തമോർത്തു് തേങ്ങിക്കരഞ്ഞു. അവൻ ഒരിക്കലും അത്തരക്കാരനല്ല. ആയിരുന്നെങ്കിൽ പണ്ടൊരിക്കൽ അവൻ നാടുവിടുകയില്ലായിരുന്നു. തികച്ചും അവൻ അഭിമാനിയാണ്. ഇനി ജീവൻപോയാലും അവൻ ഈ പടിയ്ക്കുള്ളിൽ കയറില്ല. നിശ്ചയം. അത്രയ്ക്കും തികഞ്ഞ ഒരു അഭിമാനിയാണവൻ. അവനെയാണു് സ്വന്തം പിതാവു് പിണക്കിവിട്ടിരിക്കുന്നതു്. ഇനിയൊരിക്കലും അവൻ ഇവിടെ തിരിച്ചെത്തില്ല.

അവനെ തനിക്കു കാണാതിരിക്കാൻ വയ്യ. അവനെ താൻ എവിടെയെങ്കിലും കണ്ടുപിടിക്കും അവനെ മറക്കാൻ തനിക്കാവില്ല. താൻ പാലൂട്ടിവളർത്തിയ സന്തതി.

അവനെ ഒരു കരിയിലപോലെ ദൂരത്തെറിയാൻ തനിക്കാവില്ല. ഈ ലോകത്തിൽ എവിടെയാണെങ്കിലും അവനെ കണ്ടെത്തുകതന്നെ.

ചേച്ചമ്മ ശബ്ദമുണ്ടാക്കാതെ വാതിൽതുറന്നു. നിലാവു് ഒഴുകുന്ന രാത്രി. അവർ ഒരുനിമിഷം സംശയിച്ചു മുററത്തുനിന്നു. പിന്നെമെല്ലെ ഗേററിങ്കലേയ്ക്കു നടന്നു.

(തുടരും)

## ദൈവമാതാവിന്റെ ഓർമ്മപെരുന്നാൾ ആചരിച്ചു

വാകത്താനം: വള്ളിക്കാട്ടുദയറാ ചാപ്പലിൽ വി: ദൈവമാതാവിന്റെ ഓർമ്മപ്പെരുന്നാൾ ആഗസ്റ്റ് 7 മുതൽ 15 വരെ തീയതികളിൽ ആചരിച്ചു. 7–ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വി: കുർബാന അർപ്പിക്കുയും പെരുന്നാൾ ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ നടന്ന ധ്യാനയോഗങ്ങൾക്കു് ഡീ: സജി മാത്യു,; പ്രൊഫ: ജേക്കബ് കുര്യൻ ഓണാട്ട്; ഫാ: കുര്യൻ ഡാനിയേൽ എന്നിവർ നേതൃത്വം നല്കി. 14–ാം തീയതി തിരുവനന്തപുരം ഇടവകയുടെ മാർ ദീയസ്കോറോസു് മെത്രാപ്പൊലീത്താ വി: കുർബാന അർപ്പിച്ചു. 15–ാം തീയതി തിങ്കളാഴ്ച വെരി റവ: ബസ്കീപ്പാ റമ്പാന്റെ നേതൃത്വത്തിൽ വി: മൂന്നിൻമേൽ കുർബാനയും തുടർന്നു് റാസ, നേർച്ചവിളമ്പ് ആശീർവാദം എന്നിവയും നടത്തി.

കവിത

## രക്ഷകൻ

പാപികൾക്കായ് രക്ഷകൻവന്നു
പാപങ്ങൾപോക്കാനായ് ക്രൂശിതനായ്
പാപങ്ങളിന്നും കടങ്കഥയായി
പാപികളായ മർത്ത്യരിൽ ബാക്കി നിൽപ്പൂ

വാനിൽനിന്നുമവൻ നോക്കുന്നു....
മർത്ത്യരെ ശോകമായിന്നും
വാനിൽനിന്നും കണ്ണുനീർതൂവുന്നു
പാപികളായ മർത്ത്യനുവേണ്ടി

മർത്ത്യൻ പോകുന്നദേവാലയത്തിൽ
ക്രൂശിതരൂപത്തെ നോക്കിനോക്കി
ക്രൂശിക്കാനായ് വീണ്ടും രക്ഷകനെ
പാപങ്ങൾപെറുക്കൂട്ടുന്നുനിത്യം

ക്രൂശിതനാവില്ല രക്ഷകൻ വീണ്ടും
ക്രൂശിതനാകും മർത്ത്യൻ നിശ്ചയം
ക്രൂശിതരാകാത്ത മനുജരെല്ലാം
രക്ഷകനോടൊത്തു ജീവിക്കും നിത്യമായ്

ജോസഫ് കുളനട

# കൂടാരപ്പെരുന്നാൾ

റവ. സി. കെ. ജോസഫ് റമ്പാൻ

ആഗസ്റ്റ് മാസം 6-ാം തീയതി കൂടാരപ്പെരുന്നാൾ അഥവാ മറുരൂപ പെരുന്നാൾ നാം ആഘോഷിക്കുന്നു.

യിസ്രയേലിലെ എല്ലാ പുരുഷ പ്രജയും വർഷത്തിൽ മൂന്നു പ്രാവശ്യം യഹോവയുടെ സന്നിധിയിൽ വരണം എന്നുള്ളതു് നിയമമാണ്. പുറ: 34:23 'സംവൽസരത്തിൽ മൂന്നു പ്രാവശ്യം പുരുഷന്മാർ ഒക്കെയും യിസ്രയേലിന്റെ ദൈവമായ യഹോവയുടെ മുമ്പാകെ വരണം'. ആ മൂന്നു് സന്ദർഭങ്ങളാണ് പെസഹാ പെരുന്നാൾ പെന്തക്കോസ്തു് പെരുന്നാൾ; കൂടാരപെരുന്നാൾ ഇവ. കൂടാരപെരുന്നാളിന്റെ വേറെ ഒരു പേരാണ് കായ്കനി പെരുന്നാൾ. പഴവർഗ്ഗങ്ങൾ, എണ്ണ, വീഞ്ഞ് മുതലായ സകലവിളവുകളേയും ശേഖരിച്ചശേഷം കൂടാര പെരുന്നാൾ എന്ന കായ്കനി പെരുന്നാൾ ആഘോഷിക്കും. കൂടാര പെരുന്നാൾ ആഘോഷിക്കുന്നതു് തിസ്രി മാസം പതിനഞ്ചാം തീയതിയാണ്. ഒരാഴ്ചക്കാലമാണ് ആഘോഷം. ലേവ്യ: 23 39–43 'ഭൂമിയുടെഫലം ശേഖരിച്ചശേഷം ഏഴാം മാസം പതിനഞ്ചാം തീയതി യഹോവയ്ക്കു് ഏഴ് ദിവസം ഉൽസവം ആചരിക്കണം. ആദ്യദിവസം വിശുദ്ധ സ്വസ്ഥത എട്ടാം ദിവസവും വിശുദ്ധസ്വസ്ഥത. ആദ്യദിവസം ഭംഗിയുള്ള വൃക്ഷങ്ങളുടെ ഫലവും ഈത്തപ്പനയുടെ കുരുത്തോലയും തഴച്ചിരിക്കുന്ന വൃക്ഷങ്ങളുടെ കൊമ്പും ആററലരിയും എടുത്തുകൊണ്ടു് നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ ഏഴ് ദിവസം സന്തോഷിക്കണം. സംവൽസരംതോറും ഏഴ് ദിവസം യഹോവയ്ക്കു് ഈ ഉൽസവം ആചരിക്കണം. ഇതു് തലമുറ തലമുറയായി നിങ്ങൾക്ക് എന്നുമെന്നേക്കുമുള്ള ചട്ടം ഏഴാം മാസത്തിൽ അതു് ആചരിക്കണം. ഞാൻ യിസ്രായേൽ മക്കളെ മിസ്രയിം ദേശത്തുനിന്നും കൊണ്ടുവന്നപ്പോൾ അവരെ കൂടാരങ്ങളിൽ പാർപ്പിച്ചു എന്നു് നിങ്ങളുടെ സന്തതികൾ അറിവാൻ നിങ്ങൾ ഏഴ് ദിവസം കൂടാരങ്ങളിൽ പാർക്കണം. യിസ്രായേലിലെ സ്വദേശികൾഒക്കെയും കൂടാരങ്ങളിൽ പാർക്കണം.' കൂടാര പെരുന്നാൾ സന്തോഷത്തിന്റെ പെരുന്നാളാണ്; കളത്തിലെ ധാന്യവും ചക്കിലെ വീഞ്ഞും ശേഖരിച്ചു കഴിയുമ്പോൾ അവ ദാനം ചെയ്തു യഹോവയെസ്തോത്രം ചെയ്തു് അപ്പനും; അമ്മയും; മകനും; മകളും, ദാസനും, ദാസിയും, ലേവ്യനും, പരദേശിയും അനാഥനും, വിധവയും ഒന്നിച്ചു് ആനന്ദിക്കുന്ന ദിവസമാണ് ആവർത്തനം 16:13 & 14.

ശബത്തു് വർഷത്തിൽ വരുന്ന കൂടാര പെരുന്നാളിനു് വേറെ ഒരു പ്രത്യേകതകൂടിയുണ്ടു്. പുതു തലമുറയെ ന്യായപ്രമാണം പഠിപ്പിക്കുന്നതു് ആ ദിവസങ്ങളിലാണ്. ആവർത്തനം 31:10–12 'ഏഴേഴ് സംവൽസരം കൂടുമ്പോൾ ഉള്ള വിമോചന സംവൽസരത്തിലെ കൂടാരപ്പെരുന്നാളിൽ യിസ്രയേൽ മുഴുവനും നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ അവൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു് വരുമ്പോൾ ഈ ന്യായപ്രമാണം എല്ലാ യിസ്രായേല്യരും കേൾക്കെ അവരുടെ മുമ്പാകെ വായിക്കേണം. പുരുഷന്മാരും സ്ത്രീകളും കുട്ടികളും നിന്റെ പട്ടണത്തിലുള്ള പരദേശിയും കേട്ടുപഠിച്ചു് നിങ്ങളുടെ ദൈവമായ യഹോവയെ ഭയപ്പെട്ടു് ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ ഒക്കെയും പ്രമാണിച്ചു് നടക്കേണ്ടതിനും അവയെ അറിഞ്ഞിട്ടില്ലാത്ത അവരുടെ മക്കൾ കേൾക്കേണ്ടതിനും നിങ്ങൾ യോർദ്ദാൻ കടന്നു കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു് നിങ്ങളുടെ ആയുഷ്ക്കാലമൊക്കെയും നിങ്ങളുടെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിനും ജനത്തെ വിളിച്ചുകൂട്ടണം'.

റബിമാരുടെ കാലമായപ്പോൾ കൂടാരപെരുന്നാൾ ദിവസങ്ങളിൽ കൂടാരങ്ങളിൽ പാർക്കുക, ആ കൂടാരങ്ങൾ അലങ്കരിക്കുക; ന്യായപ്രമാണം പഠിപ്പിക്കുക എന്നിവയ്ക്കു പുറമെ ശീലൂഹാം കുളത്തിൽനിന്നും വെള്ളംകൊണ്ടുവന്നു് ബലിപീഠത്തിന്റെ ചുററിലും തളിക്കുകയും അതിന്റെ ചുവട്ടിൽ ഒഴിക്കുകയുംചെയ്യുന്ന പതിവും ആവിർഭവിച്ചു. ബലിപീഠത്തെ ആറ് ദിവസം ഓരോ പ്രാവശ്യം പ്രദിക്ഷണം വയ്ക്കുകയും ഏഴാം ദിവസം ഏഴുതവണ പ്രദിക്ഷണം വെക്കുകയും ചെയ്യുന്ന ആചാരവും ഉണ്ടായി.

സഖറിയാ പ്രവാചകൻ തന്റെ പ്രവചനത്തിൽ യഹോവയുടെ രാജ്യത്തിന്റെ കീർത്തിയേയും മഹത്വത്തേയും ഘോഷിപ്പാൻ ലോകത്തിലെ സകലജനങ്ങളും കൂടാരപ്പെരുന്നാൾ ആചരിപ്പാൻ യരുശലേമിലേക്കു് വരും എന്നാണ് സഖറിയാ: 14:16 ''എന്നാൽ യരുശലേമിനു നേരെവന്ന സകലജാതികളിലും ശേഷിച്ചിരിക്കുന്ന ഏവനും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്ക്കരിപ്പാനും കൂടാരപ്പെരുന്നാൾ ആചരിപ്പാനും ആണ്ടുതോറുംവരും.

നമ്മുടെ കർത്താവു് മറുരൂപപ്പെട്ടതു് കൂടാരപെരുന്നാൾ ദിവസം ആയിരിക്കണം. ആ ഓർമ്മ പത്രോസിന്റെ മനസ്സിൽ ഉദിച്ചപ്പോൾ ആണ് കർത്താവെ ഞങ്ങൾ മൂന്നു് കൂടാരങ്ങൾ ഉണ്ടാക്കട്ടെ. ഒന്നു് നിനക്കും ഒന്നു് മോശയ്ക്കും ഒന്നു് ഏലിയാവിനും എന്നു് പറഞ്ഞതു്. അപ്രകാരം പറഞ്ഞതിന്റെ പിന്നിൽ മറെറാരു തത്വംകൂടിയുണ്ടു്. ആ മറുരൂപമലയിൽ പത്രോസും യാക്കോബും യോഹന്നാനും അനുഭവിച്ചതു് സ്വർഗ്ഗീയ ആനന്ദവും അനുഭവവും ആയിരുന്നു. മഹത്വീകരിക്കപ്പെട്ട കർത്താവു്, മരിച്ചു്

ശേഷം 5-ാംപേജിൽ

ചർച്ചാവേദി

# ഓർത്തഡോക്സ് സഭയ്ക്കു് പാത്രിയക്കീസൻമാർ ഉണ്ടാവണം

പ്രൊഫ: സി. എ. ചാക്കോ തിരുവല്ല

1988 ഏപ്രിൽ 15ലെ ഓർത്തഡോക്സ് ഹെറാൾഡിൽ അസോസിയേഷൻതെരഞ്ഞെടുപ്പ് ചർച്ചാവേദിയിൽ ബഹു. ചെമണ്ണൂർഗീവറുഗീസ് കോർഎപ്പിസ്കോപ്പാ ഇപ്രകാരം അഭിപ്രായപ്പെട്ടിരുന്നു. ''മെത്രാൻസ്ഥാനത്തേക്കു് വീണ്ടും തെരഞ്ഞെടുപ്പ് നടത്തപ്പെടുമ്പോൾ അഞ്ചുപേരെ എങ്കിലും തെരഞ്ഞെടുത്തു് വാഴിക്കണം. അപ്പോൾ മെത്രാൻ തെരഞ്ഞെടുപ്പ് നടത്താൻ അസോസിയേഷൻ കൂടേണ്ടി വരുന്നതിനുണ്ടാകാവുന്ന ഭാരിച്ച നഷ്ടവും കഷ്ടപ്പാടുകളും വി. സഭയ്ക്കും ഇടവകകൾക്കും ഒഴിവാക്കാൻസാധിക്കും. കൂടുതൽ മെത്രാന്മാർ ഉണ്ടായാൽ ആവശ്യാനുസരണം ഭദ്രാസനഭരണത്തിന് നിയോഗിക്കപ്പെടുകയും, ഭരണമില്ലാത്തവർക്കു് ആത്മീയസംഘടനകളുടെ ഭരണം നൽകുകയും ചെയ്യാം.'' പ. സഭയുടെ ഇപ്പോഴത്തെ സാഹചര്യത്തിൽ ബഹു. കോർ എപ്പിസ്കോപ്പായുടെ അഭിപ്രായം വളരെ പ്രസക്തമാണ്. 5 പേരെ തെരഞ്ഞെടുത്താലും ഒരു 5 വർഷത്തിനുള്ളിലേ അവർക്കു് മെത്രാന്റെ ചുമതലകൾ ഏറെറടുക്കാൻ പററിയെന്നു് വരുകയുള്ളു. തെരഞ്ഞെടുക്കപ്പെടുന്നവർക്കു് ആവശ്യമായ പരിശീലനവും റമ്പാൻസ്ഥാനവും നല്കി 2,3 വർഷത്തിനു ശേഷമേ മെത്രാന്മാരായി വാഴിക്കാവൂ. അതിനു ശേഷവും കുറെക്കാലം ഒരു മെത്രാപ്പോലീത്തായോടൊപ്പം ഇടവകഭരണത്തിലോ, ആത്മീയസംഘടനകളുടെ നടത്തിപ്പിലോ പ്രത്യേകം കഴിവു് സമ്പാദിക്കേണ്ടതാണ്.

## വലിയ ഭദ്രാസനങ്ങൾ വിഭജിക്കണം

ഓർത്തഡോക്സ് സഭയിലെ പല മെത്രാപ്പോലീത്തന്മാരും ഇപ്പോൾ 70 വയസ്സിനടുത്തവരോ 70 കഴിഞ്ഞവരോ ആകുന്നു. ആവശ്യമായവർക്കു് സഹായമെത്രാന്മാരുണ്ടാകണം. നിരണം തുടങ്ങിയ വലിയ ഭദ്രാസനങ്ങൾ വിഭജിക്കേണ്ടതിന്റെ ആവശ്യകത കേട്ടു തുടങ്ങിയിട്ടു് കുറെ വർഷങ്ങളായി. കൃത്യാന്തര ബാഹുല്യമുള്ള നിരണം ഭദ്രാസനാധിപൻ ഒസ്താത്തിയോസ് തിരുമേനി, സ്ലീബാദാസ സമൂഹത്തിന്റെഭരണഭാരംമറെറാരുമിഷ്യനറി തല്പരനായ യൗസേബിയോസ് തിരുമേനിക്കു് കൈമാറിയതു് വളരെ ശ്ലാഘനീയമായിട്ടുണ്ടു്. നിരണം ഭദ്രാസന വിഭജന നിർദ്ദേശങ്ങൾ 15-4-1988-ലെ ഹെറാൾഡിൽ ശ്രീ പി. പി. വറുഗീസ് എഴുതിയിരുന്നതു് വളരെ പ്രായോഗികവും, കഴിയുന്നത്ര വേഗം നടപ്പാക്കാൻ ആലോചിക്കേണ്ടതുമാണ്. തുമ്പമൺ ഭദ്രാസനത്തിലെ റാന്നി, നിലയ്ക്കൽ ഭാഗങ്ങൾക്കു് ഒരു ഭദ്രാസനം രൂപീകരിക്കാൻ ആലോചന ഉണ്ടു്. ലണ്ടൻ കേന്ദ്രമാക്കിയും ഒരു ഭദ്രാസനം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കേൾക്കുന്നു.

## പുതിയ ബാഹ്യകേരള ഭദ്രാസനങ്ങൾ

കേരളത്തിലെ സമ്പന്നമായ ഓരോ ഭദ്രാസനവും ഇൻഡ്യയിലെ മറെറാരു സംസ്ഥാനത്തിന്റെ സുവിശേഷ പ്രവർത്തനങ്ങളുടെ ചുമതല ഏറെറടുക്കുന്ന പക്ഷം അനതിവിദൂര ഭാവിയിൽ ചില വലിയ സംസ്ഥാനങ്ങൾക്കെങ്കിലും ഓരോ ഭദ്രാസനം രൂപീകരിക്കാൻ സാദ്ധ്യതയുണ്ടു്. മദ്രാസ് ഭദ്രസനം സമ്പന്നമാകുമ്പോൾ ബാംഗ്ളൂർ കേന്ദ്രമായി ഒരു മെത്രാസനം ഉണ്ടാകണം. ഒരു ക്രൈസ്തവ കേന്ദ്രമായ നാഗ്പൂരിനു ചുററുമുള്ള കുറെ ഇടവകകൾ സ്വയം പര്യാപ്തമാകുന്ന കാലത്തു് നാഗ്പൂരും പരിഗണനാർഹമാണ്. ഇപ്രകാരം സഭയുടെ അടുത്ത 5 വർഷത്തെയെങ്കിലും വികസനം പരിഗണിക്കുന്ന പക്ഷം അടുത്തു തന്നെ 5 പേരെ മെത്രാൻ സ്ഥാനത്തേക്കു് തെരഞ്ഞെടുക്കാനാലോചിക്കേണ്ടതാണ്.

## മേഖലാ പത്രിയക്കീസന്മാർ

അർമീനിയൻ കാതോലിക്കോസിന്റെ കീഴിൽ പ്രാദേശികാടിസ്ഥാനത്തിൽ പാത്രിയർക്കീസന്മാരുള്ളതുപോലെ ഇൻഡ്യൻ ഓർത്തഡോക്സ് സഭയ്ക്കും പല ഭദ്രാസനങ്ങൾ ചേർന്നു് മേഖലാടിസ്ഥാനത്തിൽ പാത്രിയക്കാസ്ഥാനം കൊടുക്കണം. ഭദ്രാസന ഭരണമുള്ള ഒരു സീനിയർ മെത്രാപ്പോലീത്താ ദക്ഷിണ കേരള പാത്രിയക്കീസും മറെറാരു പ്രായമുള്ള തിരുമേനിയും. ഉത്തര കേരള പാത്രിയർക്കീസും ആയി നിയമിക്കപ്പെടണം. ബാഹ്യ കേരള ഭദ്രാസനങ്ങൾക്കായി മറെറാരു സീനിയർ ബിഷപ്പ്, പാത്രിയർക്കീസ് എന്നു് അറിയപ്പെടണം. പ. സിനഡിൽ പാത്രിയർക്കീസന്മാക്കു് ശ്രേഷ്ഠ നിയുക്ത കാതോലിക്കായ്ക്കൊപ്പം പ. കാതോലിക്കാ ബാവാക്കു് തൊട്ടടുത്ത സ്ഥാനമുണ്ടായിരിക്കുകയും ശ്രേഷ്ഠ പാത്രീയർക്കിസന്മാരെന്നു് സംബോധന ചെയ്യപ്പെടുകയും

(ശേഷം 5-ാംപേജിൽ)



## പരുമല കൊച്ചുതിരുമേനി

പരിശുദ്ധ പരുമല തിരുമേനിയെപ്പററി ആദ്യമായി പുറത്തിറങ്ങിയ ആധികാരിക ജീവചരിത്രഗ്രന്ഥം ഫാ. ഇ. ജെ. ഏബ്രഹാം തയ്യാറാക്കിയതു്. ഹെറാൾഡിൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം പുസ്തകരൂപത്തിൽ ഉടൻ പുറത്തുവരുന്നു

- 250-ൽപരം പേജുകൾ
- ബഹുവർണ്ണചിത്രപുറംതാൾ
- പരുമലയിലെ അനുദിന പ്രവർത്തനങ്ങളുടെ വിശദ വിവരണം
- അനേകരുടെ അനുഭവസാക്ഷ്യം ഉൾക്കൊള്ളുന്ന അനുബന്ധം
- ധ്യാനത്തിനും, കൂദാശാനുഷ്ഠാനങ്ങൾക്കുമെത്തുന്നവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ
- പരുമലയിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ടുമെന്റുകൾ തുടങ്ങി നിരവധി വിവരങ്ങളോടുകൂടിയതു്.

25 രൂപ നിർമ്മാണച്ചിലവു വരുന്ന ഈ ഗ്രന്ഥം വിശ്വാസികളുടെ സൗകര്യപ്രദമായ ഉപയോഗം ലക്ഷ്യമാക്കി 5 രൂപാ നിരക്കിൽ സൗജന്യമായി വിതരണം ചെയ്യുവാൻ ആഗ്രഹിക്കുന്നു.

അധികമായി വേണ്ടിവരുന്ന തുക ഭക്തജനങ്ങളിൽനിന്നു് സംഭാവനയായി ലഭിക്കേണ്ടിയിരിക്കുന്നു. സംഭാവന നല്കുന്നവരുടെ പേർവിവരം 'പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിക്കുന്നവർ' എന്ന തലക്കെട്ടിൽ ഹെറാൾഡിൽ പ്രസിദ്ധീകരിക്കുന്നതാണ്. വിലാസം. മാനേജർ; ഓർത്തഡോക്സ് ഹെറാൾഡ്; ദേവലോകം കോട്ടയം—686 038 അനുഭവസാക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കണമെന്നാഗ്രഹിക്കുന്നവർ വിവരങ്ങൾ പൂർണ്ണ വിലാസസഹിതം വെള്ളപേപ്പറിൽ ഒരുവശത്തുമാത്രം വ്യക്തമായി എഴുതി ആഗസ്റ്റ് 30-ാം തീയതിയ്ക്കകം ഓഫീസിൽ കിട്ടത്തക്കവണ്ണം അയച്ചുതരേണ്ടതാണ്.

## തുടർലേഖനം

സഭയാകുന്ന ശരീരത്തിന്റെ തല ക്രിസ്തുവാകുന്നതുപോലെ, അതിന്റെ ആത്മാവു പരിശുദ്ധാത്മാവാകുന്നു. സഭയ്ക്കു ജീവനും, ശക്തിയും, ചൈതന്യവും, ഐക്യവുമെല്ലാം കൊടുക്കുന്നതു് അതിൽ ആന്തരീയമായി പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവാണു്. നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാണു്. 1 കൊരി. 6:19 പരിശുദ്ധാത്മാവുകൊണ്ടു നാം മാമോദീസാ മുഴുകിയിരിക്കുന്നു. (മത്താ. 3:11, 28:19, മർക്കോ. 1:8, ലൂക്കോ. 3:16, യോഹ. 1:33, അപ്പോ. 1:15, 11:16, 1 കൊരി. 12:13) പരിശുദ്ധാത്മാവു നമ്മോടു് സംസാരിക്കുന്നു. മർക്കോ. 13:11 പരിശുദ്ധാത്മാവിൽ നാം പ്രാർത്ഥിക്കുന്നു. യൂദാ 20 അവൻ നമ്മെ പഠിപ്പിക്കുന്നു. (ലൂക്കോ. 12:12, 1 കൊരി. 2:13, യോഹ. 14:26, അപ്പോ. 9:31) ക്രിസ്തുവിനെപ്പററി അവൻ സാക്ഷ്യം പറയുന്നു. (അപ്പോ. 5:32, 1 കൊരി. 1:3, 1 യോഹ. 5:7) സുവിശേഷവേലയ്ക്കായി വിശുദ്ധാത്മാവ് നമ്മെ അയയ്ക്കുന്നു. അപ്പോ. 13:4 ആത്മാവിൽ നാം സുവിശേഷിക്കുന്നു. 1 പത്രോസ് 1:12 അവൻ നമ്മുടെ നടത്തകളെ നിയന്ത്രിക്കുന്നു. അപ്പോ. 16:6, 13:2 നമ്മുടെ ഹൃദയത്തെ ദൈവസ്നേഹംകൊണ്ടു നിറയ്ക്കുന്നു. റോമ. 5:5 വ്യക്തികളുടെ ഹൃദയങ്ങളിൽ അവൻ നിറഞ്ഞു വസിക്കുന്നു. (ലൂക്കോ. 1:15, 1:41, 1:67, അപ്പോ. 2:4, 4:31, 4:8, 6:5, 7:55, 8:15, 8:17, 9:17, 10:44, 11:15, 11:24, 13:9, 13:52, 19:6) അവൻ നമ്മെ ആശ്വസിപ്പിക്കുന്നു. യോഹ. 14:26 നമ്മുടെ തീരുമാനങ്ങളിൽ സഹകരിക്കുന്നു. അപ്പോ. 15:28 വരാനിരിക്കുന്ന നമ്മുടെ അനുഭവങ്ങളെപ്പററി സാക്ഷിപ്പെടുത്തുന്നു. അപ്പോ. 20:23. പുരോഹിതസ്ഥാനങ്ങളിൽ നമ്മെ നിയോഗിക്കുന്നു. അപ്പോ. 20:28 നമ്മുടെ പ്രത്യാശ പരിശുദ്ധാത്മാവിൽ കൂടിയാകുന്നു. റോമ. 15:13 പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തിനു് അവൻ ബോധം വരുത്തുന്നു. (യോഹ. 16:8 സകല സത്യത്തിലും വഴി നടത്തുകയും, വരുവാനുള്ളതു് അറിയിക്കുകയും ചെയ്യുന്നു. യോഹ. 16:13 കർത്താവു പറഞ്ഞതൊക്കെയും നമ്മെ ഓർമ്മിപ്പിക്കുകയും യോഹ. 14:26) കർത്താവിൽ നിന്നെടുത്തു് നമ്മെ അറിയിക്കുകയും (യോഹ. 16:14-5) ചെയ്യുന്നു. അവൻ എന്നേക്കും നമ്മോടുകൂടി ഇരിക്കുന്നു. യോഹ. 14:16.

ഇപ്രകാരം ക്രിസ്തുവിന്റെ മിസ്റ്റിക്കൽ ഗാത്രമായ സഭയിൽ പരിശുദ്ധാത്മാവ് വസിക്കുകയും അതിന്റെ ആത്മാവായിരിക്കുന്നതിനു ചൈതന്യം കൊടുക്കുകയും, എല്ലാ കാര്യത്തിലും അതിന്റെ നാഥനായിരുന്നുകൊണ്ടു് അതിനെ നടത്തുകയുംചെയ്യുന്നു. അലക്സന്ത്രിയായിലെ വി. കുറിലോസ് ഇപ്രകാരം പറയുന്നുണ്ടു്. 'വിശുദ്ധാത്മാവു ക്രിസ്തുവിന്റെ ആത്മാവാകുന്നു. അവനിൽ അവൻ ഇരിക്കുകയും, അവനിൽകൂടി നമുക്കു നൽകപ്പെടുകയും ചെയ്യുന്നു. മനുഷ്യർ തമ്മിലും ദൈവത്തോടുമുള്ള ഐക്യത പാലിക്കുവാൻ അവൻ പ്രവർത്തിക്കുന്നു'. (യോഹ. 17: 20-21-ന്റെ വ്യാഖ്യാനം)

# വിശുദ്ധസഭ

## മശിഹായുടെ മിസ്ററിക്കലാകാരമായ വിശുദ്ധസഭ

പരിശുദ്ധാത്മാവു കർത്താവിന്റെ ആത്മാവാകുന്നു കർത്താവുമായിട്ടുള്ള മിസ്റ്റിക്കൽ ഐക്യം മൂലമാണു് അവൻ നമ്മിൽ പ്രവർത്തിക്കുന്നതു്. കർത്താവു വിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നും (ലൂക്കോ. 4:1); അവന്റെ നിറവിൽനിന്നും നാമെല്ലാവരും പ്രാപിക്കുന്നുവെന്നും (യോഹ. 1:16) ആണു് വിശുദ്ധവേദം സാക്ഷിക്കുന്നതു്. ഈ ലോകം വിട്ട ശേഷവും തന്റെ ആത്മാവുകൊണ്ടു് കർത്താവ് നമ്മെ നിറയ്ക്കുയും തന്റെ മിസ്റ്റിക്കൽ ഗാത്രമാകുന്ന സഭയെ നയിക്കുകയും ചെയ്യുന്നു.

മിസ്റ്റിക്കൽഗാത്രം എന്ന പദം പുതിയനിയമ സഭയെ സംബന്ധിച്ചിടത്തോളം ഇന്നു സർവ്വവ്യാപകമായി ഉപയോഗിക്കുന്നുണ്ടെങ്കിലും ആ പദം വേദത്തിൽ കാണുന്നില്ല. പിതാക്കന്മാരുടെ എഴുത്തുകളിലും (Patristic writings) ഈ വാക്കു് ഉപയോഗിച്ചിട്ടില്ല. സ്വർണ്ണനാവുകാരനായ ഇവാനിയോസ് (John Chrisostom) വി. കുർബാനയെപ്പററി പറയുമ്പോൾ ഈ പദം ഉപയോഗിച്ചുകാണുന്നുണ്ടു്. ആ നിലയിൽ ഒൻപതാം നൂററാണ്ടിൽ അതു് ഉപയോഗിച്ചു വന്നിരുന്നു. എന്നാൽ പതിമൂന്നാം നൂററാണ്ടിലാണു് ഈ പദം സഭയ്ക്കു് ഉപയോഗിക്കുന്നതായി കാണുന്നതു്.

### അദ്ധ്യായം 5

### മശിഹായും സഭയുമായുള്ള മിസ്റ്റിക്കൽ ഐക്യത്തിന്റെ പരിണതഫലങ്ങൾ

ക്രിസ്തുവും സഭയുമായുള്ള മിസ്റ്റിക്കൽ ഐക്യത്തെപ്പററി നാം കണ്ടു. ഇനിയും അതിന്റെ പരിണത ഫലങ്ങളെപ്പററിയാണു് നമുക്കു് ഗ്രഹിക്കുവാനുള്ളതു്.

മനുഷ്യന്റെ വീണ്ടെടുപ്പ്; (Redemption) ബലിപരമായ കുർബ്ബാനയർപ്പണം (Eucharist as a sacrifice) ദൈവസംസർഗ്ഗം (Communion with God), വിശുദ്ധ സംസർഗ്ഗം, (Communion of saints) എന്നിങ്ങനെയുള്ള കാര്യങ്ങളെ മിസ്ററിക്കലൈക്യത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോഴാണു് അവയുടെ അർത്ഥപുഷ്ടി വ്യക്തമാകുന്നതു്.

#### 1. വീണ്ടെടുപ്പും മിസ്റ്റിക്കലൈക്യവും (Redemption and mystical union)

മനുഷ്യന്റെ വീണ്ടെടുപ്പിനെ അവന്റെ വീഴ്ചയോടു താരതമ്യപ്പെടുത്താവുന്നതാണു്. ആദാമിന്റെ വീഴ്ചയോടുകൂടി അവനിൽനിന്നുണ്ടായ മനുഷ്യവർഗ്ഗം മുഴുവനും അധഃപതിച്ചു എന്നു പറയാം. കാരണം ഓരോരുത്തന്റെയും മനുഷ്യസ്വഭാവം ആദാം വഴിയായി അവനവനു ലഭിച്ചിട്ടുള്ളതാകുന്നു. മനുഷ്യനിൽ പൊതുവായി കാണുന്ന പാപത്തിനുള്ള ആസക്തി, അഥവാ ജന്മപാപം (orginal sin) സന്തതി പരമ്പരകളിൽകൂടി ആദാമിൽ നിന്നുള്ള ജന്മം വഴിയായി ഓരോരുത്തനും ഉണ്ടാകുന്നതാണു്. അഥവാ മനുഷ്യന്റെ വീഴ്ച ജന്മവഴിയായും (By birth), ജഡപ്രകാരവും (Physically), സമൂഹമായിട്ടും (Corporate) ആകുന്നു. അതുപോലെതന്നെ മനുഷ്യന്റെ വീണ്ടെടുപ്പും ജന്മവഴിക്കും, ജഡപ്രകാരവും, സമൂഹപരവും (Corporate) കേവലം ജഡപ്രകാരവും, മററതു് ആത്മപ്രകാരവുമെന്നേ വ്യത്യാസമുള്ളു. ഈ അർത്ഥത്തിലാണു് ക്രിസ്തുവിനെ രണ്ടാമത്തെ ആദാമായി ചിത്രീകരിക്കുന്നതു്. രണ്ടുപേരും ഓരോ വലിയ സമൂഹത്തിന്റെ തലവന്മാരാണു് ഒന്നാമത്തെ ആദാമിൽ മനുഷ്യവർഗ്ഗം പാപികളായിയെങ്കിൽ രണ്ടാമത്തെ ആദാമിൽ മനുഷ്യർ രക്ഷിക്കപ്പെടുന്നു. ആദാമിന്റെ തലവൻ സ്ഥാനം പ്രകൃത്യാനുസരണമുള്ള ജനനം വഴിയെങ്കിൽ ക്രിസ്തുവിന്റെ തലവൻ സ്ഥാനമോ ആത്മപ്രകാരമുള്ള, മനുഷ്യന്റെ വീണ്ടും ജനനംവഴിയായാകുന്നു.

(തുടരും)

## ചർച്ചാവേദി

(4-ാം പേജിൽനിന്നുംതുടർച്ച)

ചെയ്യണം. നമ്മുടെ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവയുടെ പേരിനോടൊപ്പം സഭാ പ്രസിദ്ധീകരണങ്ങൾ പോലും 'ശ്രേഷ്ഠ' എന്നു കൂടി ചേർക്കുന്നതിനു് കാണിക്കുന്ന വൈമുഖ്യം വളരെ ദയനീയമത്രെ. അങ്ങനെ ഇൻഡ്യൻ ഓർത്തഡോക്സ് സഭയ്ക്കു് പരിശുദ്ധ കാതോലിക്കാ . സിംഹാസനത്തിന്റെ അധികാര സീമയ്ക്കുള്ളിൽ ഭദ്രാസനങ്ങളും, പാത്രിയർക്കേററുകളും ഉണ്ടാവണം. അതു സംബന്ധിച്ച തീരുമാനങ്ങൾ കാലവിളംബം കൂടാതെ പരിശുദ്ധ സുന്നഹദോസും, മാനേജിംഗ് കമ്മററിയും കൈക്കൊള്ളണമെന്നു് നിർദ്ദേശിക്കുന്നു. ശ്രേഷ്ഠ പാത്രിയാർക്കീസന്മാർകൂടി ഉണ്ടാകുന്നതു് സഭയുടെ ഭരണത്തിനും വികസനത്തിനും നന്നായിരിക്കുമെന്നു് തോന്നുന്നു.

## ആരാധനാഗീത സമീക്ഷ

(2-ാംപേജിൽനിന്നും തുടർച്ച)

ടൊപ്പം മണവറയിൽ പൂകി
ഉയിരേകും നിന്നെ
സ്തോത്രം ചെയ്യേണം—
ബാറെക്മോർ
ശുബഹോ....
മെനഓലം....

അർത്ഥം—കർത്താവേ ഈ താൽക്കാലിക ജീവിതത്തിൽ നിന്നു് നിദ്ര പ്രാപിച്ചു കടന്നുപോയിരിക്കുന്ന ഞങ്ങളുടെ പിതാക്കന്മാരുടേയും സഹോദരങ്ങളുടെയും ആത്മാക്കളെ പുനരുത്ഥാന ദിനംവരേയും പ്രകാശ ഭവനങ്ങളിൽ ആശ്വസിപ്പിക്കേണമേ. അവരുടെ ഓർമ്മ ദിവസത്തിൽ, കബറുകൾക്കുള്ളിൽ കിടക്കുന്ന അവരുടെ അസ്ഥികൾ ദിവ്യാനന്ദം നുകരണമേ. നിന്റെ ആജ്ഞ മൺമയരായ ആദാമ്യസന്തതികളെ ജീവൻ നല്കി എഴുന്നേല്പിക്കുമ്പോൾ അവർ കാന്തിയും തേജസ്സും ധരിച്ചു നിന്നോടൊന്നിച്ചു മണവറയിൽ പ്രവേശിക്കയും പുനരുത്ഥാനകനായ നിനക്കു സ്തുതിപാടുകയും ചെയ്യുമാറാകേണമേ—


കർത്താവേ വാഴ്ത്തേണമേ.
പിതാവിനും പുത്രനും പരി
ശുദ്ധറൂഹായിക്കും സ്തുതി
ആദിമുതൽ എല്ലായ്പോഴും
എന്നേക്കും ആമ്മീൻ.

## കൂടാരപ്പെരുന്നാൾ

(4-ാം പേജിൽനിന്നും തുടർച്ച)

പിതാവാം ദൈവത്തിന്റെ അടുത്തേയ്ക്കുപോയ മോശ ചുഴലിക്കാററിൽ ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ട ഏലിയാ എന്നിവർ ഒത്തുചേർന്നു അസുലഭമുഹൂർത്തം. ഈ സ്വർഗ്ഗീയ ആനന്ദത്തിൽ വസിപ്പാനാണു് പത്രോസും കൂട്ടുശിഷ്യന്മാരും ആഗ്രഹിച്ചതു്. ഈ അനുഭവമാണു് വി. കുർബാനയിൽ സംബന്ധിക്കുമ്പോൾ നമ്മൾക്കു് ലഭിക്കേണ്ടതു്. മറുരൂപ മലയിൽനടന്ന ആ സംഭവം വി. കുർബാനയിൽ നടക്കുകയാണു്. നമ്മൾ അർപ്പിക്കുന്ന അപ്പവീഞ്ഞുകൾ കർത്താവിന്റെ തിരുശരീര രക്തങ്ങളായിമാറുന്ന വലിയ ഒരു സംഭവമാണു് നടക്കുന്നതു്. മദ്ബഹായിൽ ത്രിത്വത്തിന്റെ സാന്നിദ്ധ്യം; പരിശുദ്ധന്മാർ; ശുദ്ധിമതികൾ; വാങ്ങിപോയവർ: ജീവനുള്ളവരായ നമ്മൾ എല്ലാവരുംകൂടി ചേർന്നിട്ടുള്ള സ്വർഗ്ഗീയ അനുഭവമാണു് വി: കുർബാനയിൽകൂടി ലഭിക്കുന്നതു്. ഈ അനുഭവം വി. യോഹന്നാൻ ശ്ലീഹാമുൻപ്കൂട്ടികണ്ടുകൊണ്ടാണു് "ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം അവൻ അവരോടുകൂടെ വസിക്കും അവർ അവന്റെ ജനമായിരിക്കും 'വെളിപ്പാടു് 21:3. കൂടാരപെരുന്നാൾ ആഘോഷിക്കുമ്പോൾ ഈ ചിന്തകളാണു് നമ്മിൽ ഉണ്ടാകേണ്ടതു്.

## അമൃതബിന്ദുക്കൾ



### എൺപത്തിഒമ്പത്

അഹംഭാവം മനുഷ്യന്നെ
വൻവിപത്തിൽ പെടുത്തീടും

### തൊണ്ണൂറ്

ഗർവ്വം സർവ്വനാശത്തിൻ
ഗർത്തം മർത്ത്യനു തീർത്തിടും

### തൊണ്ണൂററി ഒന്നു്

ദൈവദൃഷ്ടി മറച്ചൊന്നും
ചെയ്‌വാനാവില്ലയാക്കുമേ.

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

ലേഖനം

## ഒരു മെഴുകുതിരിയുടെ പ്രകാശം

പ്രകാശവാഹികളായ ദീപങ്ങളിൽ, മെഴുകുതിരിയ്ക്കൊരു തനിമയുണ്ട്. 'രാത്രിയെ പകലാക്കുന്ന' ഗാംഭീര്യമൊന്നും മെഴുകുതിരിയ്ക്കില്ല; ചെപ്പടിവിദ്യകളൊന്നും വശവുമില്ല. അതിന്റെ ഹ്രസ്വജീവിതം ഒരു ഗാഥയാണ്; കൗടില്യങ്ങളും ചാരവൃത്തിയുമൊന്നുമേശാത്ത നിഷ്കളങ്കതയുടെ ലാളിത്യം മാത്രം. അതിനാരോടും പരാതിയില്ല; തന്റേതല്ലാത്തതു് സ്വന്തമാക്കാനുള്ള തൃഷ്ണയുമില്ല. ജീവിച്ചിരിക്കുന്നിടത്തോളം പ്രകാശമാണല്ലോ അതിന്റെ ജീവൻ—ശക്തമായ കാററു വന്നു ശല്യം ചെയ്യില്ലെങ്കിൽ, പ്രകാശം ചൊരിഞ്ഞു കൊണ്ടേയിരിക്കും. അന്ധകാരം വരുത്തുന്ന വിദ്യ അതിനു വശമില്ല. അധികം ദൂരേയ്ക്കു കണ്ണയച്ച് വിദൂരസ്ഥരെ കണ്ണഞ്ചിക്കാനൊരു ശ്രമവുമില്ല. ഇഷ്ടമില്ലാത്തവരെ കണ്ടാൽ കണ്ണടച്ച് പ്രകാശം പിൻവലിക്കുന്ന വാശി ലേശംപോലും കാട്ടാറില്ല. മരണംവരെ പ്രകാശരശ്മികൾ ഒഴുക്കിക്കൊണ്ടുതന്നെ ശാന്തഗംഭീരമായി നില്ക്കും; ഒരോർമ്മപോലെ.

മെഴുകുതിരി കൊളുത്തുമ്പോൾ തന്നെ, അതിന്റെ മരണത്തിലേയ്ക്കുള്ള പ്രയാണം ആരംഭിച്ചു കഴിയും. അതു കുറേശ്ശെ നശിക്കുന്നു. ചുററുപാടുനിന്നും ഇരുൾ ഓടി മറയുന്നതുകണ്ട് മെഴുകുതിരിനാളം സംതൃപ്തിയോടെ പുഞ്ചിരി പൊഴിക്കുന്നു. അല്പമെങ്കിലും അന്ധകാരത്തെ തള്ളിയകററാൻ കഴിഞ്ഞതിന്റെ കൃതാർത്ഥത നിഴലിക്കുന്ന പ്രോജ്ജ്വലത! വെളിച്ചം തേടുന്ന ഏതൊരാൾക്കും അതിന്റെ അടുത്തു വന്നിരിക്കാം. ആ പ്രകാശമാസ്വദിക്കാം; ഉപയോഗിക്കാം. ഇതിൽപ്പരം തൃപ്തിജനകമായി മെഴുകുതിരി ദീപത്തിനെന്താണുള്ളതു്? സാവധാനം അതു മരണത്തോടടുക്കുന്നു. ജീവിച്ചുതീരും തോറും അതു് തന്നിലേക്കു യാതൊന്നും ആവഹിക്കുന്നില്ല. നൽകാനല്ലാതെ നേടാൻ അതിനറിയില്ലല്ലോ! 'ജീവിക്കുക എന്നാൽ നൽകുക' എന്ന ക്രിസ്തുനാഥന്റെ ജീവിത സന്ദേശം ഒരു മെഴുകുതിരി ദീപം സ്വന്തമാക്കിയതു് എത്ര എളുപ്പമായിരുന്നു!

തങ്ങളുടെ ജീവിതകാലം മുഴുവൻ പരാതിയും പരിഭവവും പറഞ്ഞു് കിട്ടാതെ പോയവയെപ്പററി മനം നൊന്തു് 'അങ്ങനെയായിരുന്നെങ്കിൽ' എന്നു നെടുവീർപ്പിട്ടു കഴിയുന്ന ചില മനുഷ്യരുണ്ട്. തങ്ങളാലാവോളം ജീവിതത്തിൽ നരകം സൃഷ്ടിക്കുന്നവരാണീക്കൂട്ടർ. എന്നെ ആരും വേണ്ടതുപോലെ നോക്കിയല്ല; എന്നോടു ദ്രോഹം മാത്രം ചെയ്തു; ഈ മുൾക്കിരീടമിതെന്തിനു തന്നു... ഇങ്ങനെ പോകുന്നു അവരുടെ പരിദേവനങ്ങൾ. എന്റെ ചുററുപാടുമുള്ള മനുഷ്യരുടെ സന്തോഷത്തിനും ഉൽക്കർഷത്തിനുമായി ഞാൻ എന്തു ചെയ്തു എന്നു അവർ മിക്കവാറും ചിന്തിക്കാറേ ഇല്ല. തങ്ങൾ പരത്തുന്ന നിരാശയും അസന്തോഷവും മററുള്ളവരെ എങ്ങനെ ബാധിക്കുന്നു എന്നു് അവർ ചിന്തിച്ചിരുന്നെങ്കിൽ! ചുററുപാടുമുള്ള മനുഷ്യരുടെ ജീവിതവും നരകതുല്യമാക്കുകയാണ് ഇതിന്റെ പരിണതഫലം.

നേരെമറിച്ച് ഒരു മെഴുകുതിരിപോലെ ചുററുപാടും പ്രകാശമരുളി, സ്വയം ചിലവാകുന്ന ജീവിതമാണ് വിലമതിക്കത്തക്കതു്. അതു് സ്വന്തമായി ഒന്നും കരുതിവയ്ക്കാനോ, എനിക്കു ലഭിച്ചില്ല എന്നു പരാതി പറയാനോ നില്ക്കാതെ അവസാനം വരെയും, നിസ്വാർത്ഥമായി സ്വന്തമായി കുറഞ്ഞുകുറഞ്ഞു് അനന്തതയിൽ ലയിക്കുന്നു. നൽകാൻ തയ്യാറാകാത്ത ജീവിതങ്ങൾ ഒരിക്കലും യഥാർത്ഥ സന്തോഷമെന്തന്നറിയുകയില്ല; അവ ഒരിക്കലും പൂർണ്ണമാവില്ല. 'നൽകാൻ' തയ്യാറാകാതെ എല്ലാം സ്വന്തമാക്കാനുള്ള വ്യഗ്രതയാണ് സകല തിന്മയുടെയും കാരണം. 'സ്ഥിരം പരാതിക്കാരൻ മിക്കവാറും സ്വാർത്ഥ നിരതനായിരിക്കും. അവർ സമാധാനമായി ജീവിക്കയില്ല; മററുള്ളവരെ സമാധാനമായിരിക്കാൻ സമ്മതിക്കുകയുമില്ല.

ജീവിതത്തിലെ ഏററവും വലിയ പാഠം പഠിക്കാം; ത്യാഗം സഹിച്ചും, നഷ്ടം സഹിച്ചും മററുള്ളവർക്കുവേണ്ടി പ്രവർത്തിക്കാം. സേവനം ചെയ്യാനുള്ള വൈമുഖ്യം കൈവെടിയാം. നന്മ ചെയ്യാൻ കഴിയാതെ പോയ ദിനങ്ങൾ നഷ്ടമായിയെന്നു കരുതാം!

## ക്രിസ്തുയേശുവിന്റെ തണലിൽ

ഒ. എം. മാത്യു
ബി. എ. ഒരുവട്ടിത്ര

(23—ാം ലക്കം തുടർച്ച)

പഴയപള്ളി ബംഗ്ലാവ് പൊളിച്ച് പുതിയ ബംഗ്ലാവ് പണിയിച്ചു. പള്ളിയിലേക്ക് റോഡില്ലായിരുന്നതു് പരിഹരിക്കാൻ 1½ കി. മീററർ റോഡ് നിർമ്മിച്ചു. റോഡിനുള്ള സ്ഥലം മുഴുവൻ തന്നെയും വിലയ്ക്കു് വാങ്ങിയതാണ്. ഇവയെല്ലാം കൂടി 1950 മുതൽ 1980 വരെ ഉദ്ദേശം മൂന്നു ലക്ഷം രൂപായോളം ചെലവ് വന്നിട്ടുണ്ട്. പുതിയപള്ളി 1978 ഏപ്രിൽ മാസത്തിൽ ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാ ബാവായും, മററു തിരുമേനിമാരും പള്ളിയിൽ വാഹനങ്ങളിലാണ് ആഗതരായതു്. ഇപ്പോൾ രണ്ടു വർഷങ്ങളായിട്ടു അച്ചന്റെ വാർദ്ധക്യത്തെ പരിഗണിച്ച് ഒരു സഹായ പട്ടക്കാരനെക്കൂടി നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ഏകദേശം അമ്പതിനായിരം രൂപായോളം പ്രതിവർഷം വരുമാനമുണ്ട്. പ്രധാന വരുമാനം തെങ്ങിൽ നിന്നുമുള്ള ആദായമാണ്. ഇപ്പോൾ 100-ൽപരം വീട്ടുകാരുണ്ട് പള്ളി ഇടവകക്കാരായിട്ട്. വികാരിയായിട്ട് 8 രൂപായിൽ ആരംഭിച്ച അച്ചന്റെ ശമ്പളം ഏകദേശം അഞ്ചു കൊല്ലങ്ങൾക്ക് മുൻപ് വരെ 750 രൂപാ ആണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. അച്ചൻ ഒരു ദ്രവ്യാഗ്രഹി അല്ലാത്തതിനാൽ കൂടുതൽ ശമ്പളം ആവശ്യപ്പെടുന്നില്ല. എത്ര ചാരിതാർത്ഥ്യജനകമായ ഒരു അവസ്ഥാവിശേഷം! അച്ചൻ മാന്തുരുത്തേൽ സെൻറ് ജോൺസ് പള്ളിയിൽ 1934 മുതൽ നാളതു വരെ അതായതു് 54 വർഷം വികാരിയായി ജീവിച്ചുവരുന്നു. ഇത്രയും ദീർഘകാലം ഒരു പള്ളിയിൽ പട്ടക്കാരനായിരിക്കുന്നതു് വളരെയില്ലായെന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നു. ഇങ്ങിനെയുള്ള പട്ടക്കാരെ സഭയ്ക്കു് പ്രദാനം ചെയ്യാൻ നമുക്കേവർക്കും ദൈവത്തോടു് പ്രാർത്ഥിക്കാം.

With best compliments from

**Dr. George V. Poovathu**
5650 N. Fransisco
Chicago ILL 6065
U. S. A.

With Best Compliments From:-

**MATHAI V. THOMAS**
5107 N. AVERS; CHICAGO ILL. 60625

VARGHESE YOHANNAN; 200 BONNIE BRAE EIMHURST, IL-60126

WITH BEST COMPLIMENTS FROM

MANI M. ITTYAVIRA
7331 .S. Woodward St. G-103
WOODRIDGE IL 60517

P.M. PHILIP; 6118 N. Harding Chicago. I L. 60659

Joseph Varghese; 8343 Harding Skokie ILL; 60076

Thomas George, 6422 N. Oakley Chicago ILL. 60645

With Best Compliments From

CHERIAN PUTHENPURACKEL 8028 ARROW LN; DARIEN IL; 60559

T. M. ABRAHAM; 5543 N. CAMPBELL CHICAGO ILL 60625

MATHAI T. MATHAI; 228, S MAPLE WOOD Northlaka ILL 60164

George Yohannan; 4844 W. Strong Chicago ILL 60630.

ABRAHAM SCARIAH 810 W. Grace St: Chicago ILL 60613 U. S. A.

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038